**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2621** — **14-09-2023 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ എം.എൽ.എ ആസ്തി വികസന പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ ഡി കെ മുരളി</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>2018-19 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ വാമനപുരം മണ്ഡലത്തിലെ എം.എൽ.എ ആസ്തി വികസന പദ്ധതി പ്രകാരമുള്ള ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;</td><td>(എ)</td><td>2018-19 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ വാമനപുരം മണ്ഡലത്തിലെ എം.എൽ.എ ആസ്തി വികസന പദ്ധതി പ്രകാരമുള്ള ടെണ്ടർ സേവിംഗ്സ് തുക വർഷം തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു.<br><table><tr><th>സാമ്പത്തിക വർഷം</th><th>ടെണ്ടർ സേവിംഗ്സ് തുക</th></tr><tr><td>2018-19</td><td>₹37,74,473/-</td></tr><tr><td>2019-20</td><td>₹38,92,070/-</td></tr><tr><td>2020-21</td><td>₹39,77,735/-</td></tr></table></td></tr>
<tr><td>(ബി)</td><td>ടെണ്ടർ സേവിംഗ്സ് തുക പ്രകാരമുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാർ അനുവാദം ആവശ്യമുണ്ടോ; വിശദമാക്കാമോ?</td><td>(ബി)</td><td>ടെൻഡർ സേവിങ്സ് സംബന്ധിച്ച 17.12.2022 തീയതിലെ സർക്കാർ ഉത്തരവ് സ.ഉ.(അച്ചടി )നം.145/2022/ധന പ്രകാരം ഒരു പ്രവൃത്തി പൂർത്തിയാക്കി അന്തിമ ബിൽ (FINAL BILL)തയ്യാറാക്കി കഴിഞ്ഞാൽ മാത്രമേ ആ പ്രവൃത്തിയുടെ യഥാർത്ഥ ചെലവ് മനസ്സിലാക്കാൻ കഴിയൂ എന്നതിനാൽ, ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ, പൂർത്തിയാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുമ്പോൾ ഉണ്ടാകുന്ന സേവിംഗ്സ് (Actual Savings) ഏതു സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്താൻ സാധിക്കുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനു വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനു വേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. കൂടാതെ ഒരു സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സ് തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 എന്ന</td></tr>
</table>

| | | | |
|---|---|---|---|
| | | | നിബന്ധനയും 5 കോടി രൂപ എന്ന പരിധിയും നിഷ്കർഷിക്കേണ്ടതില്ല. ഇപ്രകാരം ക്രമപ്രകാരം ലഭ്യമാകുന്ന ടെൻഡർ സേവിങ്സ് ഉപയോഗിക്കുന്നതിനു സർക്കാരിന്റെ അനുവാദം ആവശ്യമില്ല. എന്നാൽ ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ ആയതിന് സർക്കാരിന്റെ ധനാനുമതി ആവശ്യമാണെന്ന ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശത്തിലെ പൊതുവ്യവസ്ഥ ടെൻഡർ സേവിങ്സ് വിനിയോഗിച്ചുള്ള പ്രവർത്തികൾ അനുവദിക്കുന്നതിനും ബാധകമാണ്. |

സെക്ഷൻ ഓഫീസർ